## തസ്യൈവം യുഞ്ജതശ്ചിത്തം തപ: സ്വാധ്യായ സംയമൈ:
## അനുഗ്രഹയാവിരാസീരന്നരനാരായണോ ഹരി: (12-8-32)

*ശൗനകൻ പറഞ്ഞു:*

ചിലർ പറയുന്നത് മാർക്കണ്ഡേയമഹർഷി ഒരു പ്രളയത്തെ അതിജീവിച്ചുവെന്നും, അദ്ദേഹത്തെ അതു ബാധിച്ചിട്ടില്ല എന്നുമാണ്. എന്നാൽ അദ്ദേഹം ഈ മന്വന്തരത്തിലും ജീവിച്ചിട്ടുണ്ട്. ഈ ലോകചക്രം അവസാനിച്ചിട്ടുമില്ല. ഈ പരസ്പരവൈരുദ്ധ്യം എങ്ങിനെയാണു വിശദീകരിക്കുക?

*സൂതൻ പറഞ്ഞു:*

ഉപനയനകർമ്മത്തിനുശേഷം മാർക്കണ്ഡേയൻ വേദാഭ്യാസവും തപശ്ചര്യയും നടത്തി. അദ്ദേഹം നിത്യബ്രഹ്മചര്യവ്രതമെടുത്ത് സദാ ഭഗവാൻഹരിയിൽ ഭക്തിപൂണ്ട് തിവ്രതപശ്ചര്യകളിൽ മുഴുകി ജീവിച്ചു. അതേസമയം തൻെറ ഗുരുവിനെയും, സൂര്യദേവനെയും, അഗ്നിയേയും പൂജിച്ചു. അങ്ങിനെ ഏറെക്കാലം ഭഗവൽധ്യാനത്തിൽ മുഴുകി ജീവിച്ച് ഒടുവിൽ ആത്മീയപാതയിലെ ശത്രുക്കളായ കാമം, ക്രോധം, ലോഭം, അഹങ്കാരം, അജ്ഞാനം എന്നിവയെയും മരണത്തെപ്പോലും അതിജീവിച്ചു.

ആറ് മന്വന്തരങ്ങൾ അദ്ദേഹമിങ്ങിനെ കഴിഞ്ഞു. ഏഴാമത് മന്വന്തരത്തിൽ ദേവേന്ദ്രന് മാർക്കണ്ഡേയൻ തൻെറ പദവി തട്ടിയെടുക്കുമോ എന്ന ഭയമുണ്ടായി. മാർക്കണ്ഡേയൻെറ അനിതരസാധാരണമായ തപശ്ചര്യകളും സാധനകളും മൂലം തൻെറ സിംഹാസനം നഷ്ടപ്പെടുമോ എന്ന ആശങ്കയിൽ മാർക്കണ്ഡേയൻെറ തപശ്ചര്യക്ക് ഭംഗം വരുത്താൻ പതിവുപോലെ ഏർപ്പാടുകൾ ചെയ്തു. അപ്സരസ്സുകൾ ഗായകരോടും കാമദേവനോടുമൊപ്പം മഹർഷിയുടെ തപസ്സിളക്കാൻ പുറപ്പെട്ടു.

കാമദേവനും കൂട്ടരും ഹിമാലയത്തിൻെറ വടക്കേ ചെരുവിൽ മഹർഷി ധ്യാനനിരതനായിരിക്കുന്നയിടത്തു ചെന്നു. അവർക്കറിയാവുന്ന മാർഗ്ഗമെല്ലാം പ്രയോഗിച്ചുവെങ്കിലും മാർക്കണ്ഡേയൻ ഇളകിയില്ല. തങ്ങളുടെ പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടതിൽ തലതാഴ്ത്തി അവർ ഇന്ദ്രസവിധമണഞ്ഞു. അതേ സമയം മഹർഷിയുടെ തപസ്സിൽ അതീവസന്തുഷ്ടനായ ഭഗവാൻഹരി നര-നാരായണരൂപത്തിൽ അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷപ്പെട്ടു. മാർക്കണ്ഡേയൻ സാഷ്ടാംഗനമസ്കാരം നടത്തി. എന്നിട്ട് എഴുന്നേറ്റു നിന്ന് വണങ്ങി ഹൃദയം നിറഞ്ഞ ഭക്തിയോടെ ഇങ്ങിനെ പ്രാർത്ഥിച്ചു.

‘‘ഭഗവൻ, അവിടുന്ന് ഈ ദ്വിരൂപത്തിൽ പ്രകടമായിരിക്കുന്നത് മൂലോകങ്ങളിലുമുള്ള സകലജിവികൾക്കും മോക്ഷം നൽകുവാനായാണല്ലോ. ത്രിഗുണങ്ങളുടെ വിളയാട്ടമേൽക്കാത്ത അവിടുത്തെ പാദാരവിന്ദങ്ങളിൽ ഞാൻ അഭയം പ്രാപിക്കുന്നു. മഹത്തായ കാലംപോലും അവിടുത്തെ പുരികക്കൊടിയുടെ ലീല മാത്രം. കാര്യങ്ങൾ ഇങ്ങിനെയായിരിക്കേ ലൗകീകവസ്തുക്കളോടും നശ്വരമായ ഈ ശരീരത്തോടും ഇവയുമായി ബന്ധപ്പെട്ട എന്തിനോടും മൂല്യം കൽപ്പിക്കുന്നത് എത്രമാത്രം വൃഥാവിലാണ്? അതുകൊണ്ട് ഞാൻ അവയിൽ നിന്നെല്ലാം പിന്തിരിഞ്ഞ് അവിടുത്തെ അഭയം പ്രാപിക്കുന്നു.’’